പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക

283 (981) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനായി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതുവരെ ചെലവഴിച്ച തുകയും പദ്ധതികളുടെ വിശദാംശങ്ങൾ അടക്കം വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും പദ്ധതികളുടെ വിശദാംശങ്ങൾ അടക്കം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനായി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയും (28-2-2015)-വരെ ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

വകുപ്പ്	അനുവദിച്ച തുക	ചെലവഴിച്ച തുക
തദ്ദേശഭരണ വകുപ്പ്	344	52.11399
റൂറൽ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്	5377	1767.51
പി.ഡബ്ല്യു.ഡി	2200	134.08

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫെബ്രുവരി 2015-ലെ പദ്ധതി പുരോഗതി റിപ്പോർട്ട് അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 2014-15 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും പദ്ധതിയുടെ വിശദാംശവും അനുബന്ധം II ആയി ചേർക്കുന്നു.*

പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക

284 (982) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14 ബഡ്ജറ്റിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവായ തുകയും പ്ലാൻ/നോൺ പ്ലാൻ തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ചെലവിൽ ഡെപ്പോസിറ്റായി മാറ്റിയ തുകയിൽ ഇനിയും ചെലവഴിക്കാത്തത് എത്ര ; ഏതെല്ലാം ഏജൻസികളിലാണ് ഈ തുക അവശേഷിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവു വിവരവും അനുബന്ധം I-ലും നോൺ പ്ലാൻ ഫണ്ടിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവു വിവരവും അനുബന്ധം II-ലും ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly